## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ പത്രികകൾ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് -ഇ -സബ്മിഷൻ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എ എ)വകുപ്പ്**

സ.ഉ (എം.എസ്.)നം 30/2016/തസ്വഭവ തീയ്യതി, തിരുവനന്തപുരം 09-02-2016

---

പരാമർശം.1)16-04-2015 ൽ ഫിനാൻസ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനം

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ എൽ.എഫ് 4738/ഐറ്റി1/2015 നം.കത്ത്

**ഉത്തരവ്**

1994 ലെ കേരള ലോക്കൽ ഫണ്ട് ആക്ട് വകുപ്പ് 9 പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഓരോ വർഷത്തെയും വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക വർഷം അവസാനിച്ച് നാലുമാസത്തിനകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണ്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് സംബന്ധമായ പ്രവർത്തനങ്ങൾ ഓട്ടോമൈസ് ചെയ്യുന്നതിനായി എയിംസ് (AIMS) എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ച് നടപ്പിലാക്കിവരുന്നതിനാലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ പത്രികകൾ ഇ-സബ്മിറ്റ് ചെയ്യുന്നതിനുള്ള മോഡ്യൂൾ വികസിപ്പിച്ചിട്ടുള്ളതിനാലും 2015-16 വർഷം മുതൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വാർഷിക ധനകാര്യ പത്രികകൾ ഇ-സബ്മിഷനായി സമർപ്പിക്കുന്നത് ഉചിതമായിരിക്കും എന്ന് പരാമർശം (2) ലെ കത്തിലൂടെ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2015-16 വർഷം മുതൽ വാർഷിക ധനകാര്യ പത്രികകൾ

നിലവിലുള്ള രീതിയിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് മാന്വലായി സമർപ്പിക്കുന്നതിനു പുറമേ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഇ-സബ്മിഷനും നടത്തേണ്ടതാണെന്ന് ഉത്തരവാകുന്നു. ഇ-സബ്മിഷനാവശ്യമായ ലോഗിൻ ഐ.ഡി.യും നിർദ്ദേശങ്ങളും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, കില (Kerala Institute of Local Administration) യുടെ സഹായത്തോടെ നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പഴനിഅമ്മ കെ.ആർ
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, അർബൻ അഫയേഴ്സ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും (ഡയറക്ടർ അർബൻ അഫയേഴ്സ് മുഖാന്തിരം)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും, മേഖലാ നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ)
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
എക്സിക്യൂട്ടീവ് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, ഐ.കെ.എം,, തിരുവനന്തപുരം
(വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ